**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വേങ്ങാട് ഗ്രാമപഞ്ചായത്ത് മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. കെ.സി. സിജിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1077/2018/തസ്വഭവ  തീയതി, തിരുവനന്തപുരം, 17.04.2018

=====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.03.2016-ലെ ഇ 13-40129/2015 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 18.04.2016-ലെ 3844/ഡി2/2016/വിജി. നമ്പർ കത്ത്

3. സർക്കാരിന്റെ 27.01.2017-ലെ 159/ഇപിബി3/2016/തസ്വഭവ നമ്പർ കുറ്റപത്രം

4. ശ്രീ. കെ.സി. സിജിൻ സമർപ്പിച്ച 28.03.2017-ലെ പ്രതിവാദ പത്രിക

5. പഞ്ചായത്ത് ഡയറക്ടറുടെ 25.07.2017-ലെ ഡി9-5315/17 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട മമ്പറം ടൗണിൽ അഞ്ചരക്കണ്ടി പുഴയോരത്ത് തീരദേശ നിയന്ത്രണപരിധി ലംഘിച്ച് കെട്ടിടം നിർമ്മാണം നടത്തിയെന്നും അതിലൂടെ കെട്ടിട ഉടമയ്ക്ക് അന്യായമായ സാമ്പത്തിക ലാഭം വേങ്ങാട് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ഉണ്ടാക്കിക്കൊടുത്തുവെന്നും സംബന്ധിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വേങ്ങാട് ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് അന്വേഷണത്തിൽ വേങ്ങാട് ഗ്രാമപഞ്ചായത്ത് എൽ.ഡി. ക്ലാർക്ക് ശ്രീ. കെ.സി. സിജിൻ തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് കെട്ടിട നിർമ്മാണത്തിനായി മുഹമ്മദ് റാസിൻ എന്നയാളുടെ പേരിൽ അപേക്ഷ നൽകിയ വി.എം. മുഹമ്മദ്, റിസാനാസ്, മമ്പറം എന്നയാളുമായി ഗൂഢാലോചന നടത്തി 2011-ലെ കോസ്റ്റൽ റഗുലേഷൻ സോൺ നോട്ടിഫിക്കേഷനിൽപ്പെട്ട മമ്പറം ടൗണിലെ അഞ്ചരക്കണ്ടി പുഴയോരത്ത് റീ.സ.85-ൽപ്പെട്ട 2.2 ആർ സ്ഥലത്ത് 2 നിലയോടുകൂടിയ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് 24.09.2013 തീയതി കെട്ടിട നിർമ്മാണാനുമതി അനുവദിച്ചും നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞ് 14.02.2014 തീയതി കെട്ടിട നമ്പർ അനുവദിച്ചതായും കണ്ടെത്തി. പ്രസ്തുത ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ വേങ്ങാട് ഗ്രാമപഞ്ചായത്തിലെ എൽ.ഡി. ക്ലാർക്ക് ശ്രീ. കെ.സി. സിജിനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. കെ.സി. സിജിന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകുകയുണ്ടായി. കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

വേങ്ങാട് ഗ്രാമപഞ്ചായത്തിലെ പാതിരിയാട് വില്ലേജിൽ ഉൾപ്പെട്ട കോളാലൂർ ദേശത്ത് മമ്പറം ടൗണിനടുത്ത് അഞ്ചരക്കണ്ടി പുഴയോരത്ത് റീ.സ.85-ൽപ്പെട്ട സ്ഥലത്ത് ഇരുനില വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ശ്രീ. മുഹമ്മദ് റാസിൻ, റിസാനസ്, മമ്പറം പി.ഒ. എന്നവർ 24.07.2013-ന് ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷ സമർപ്പിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസിയറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 24.09.2013-ന് വേങ്ങാട് ഗ്രാമപഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയുണ്ടായിയെന്നും ആകെ പ്ലിന്ത് ഏരിയ Ground Floor-64.28 m², First floor-64.28 m²-ഉം ആണെന്നും അഞ്ചരക്കണ്ടി പുഴയിൽ നിന്നും നിശ്ചിത അകലം പാലിക്കാത്തതിനാൽ CRZ ലംഘനം ഉണ്ടായിട്ടുണ്ടെന്നും പ്രസ്തുത കെട്ടിട നിർമ്മാണ അനുമതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ ടി കെട്ടിടത്തിന് നമ്പർ അനുവദിച്ച് കിട്ടുന്നതിന് 20.01.2014-ന് കംപ്ലീഷൻ പ്ലാൻ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, സൈറ്റ് പ്ലാൻ എന്നിവ സഹിതം അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കുകയും ശ്രീ. കെ. സി. സിജിന്റെ 11.02.2014-ലെ അന്വേഷണ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് X1-985 B,X1985C എന്നിങ്ങനെ നമ്പരുകൾ അനുവദിച്ചിട്ടുണ്ടെന്നും 3301/-രൂപ വീതം നികുതി നിർണ്ണയിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വേങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത കെട്ടിട നിർമ്മാണ അനുമതി നല്കിയത് തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസിയറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നുവെന്നും കെട്ടിട നിർമ്മാണ അനുമതി നല്കുന്നതിൽ ക്ലാർക്ക് ശ്രീ. കെ.സി.സിജിന്റെ ശുപാർശയോ റിപ്പോർട്ടോ ഉള്ളതായി കാണുന്നില്ല എന്നും എന്നാൽ കെട്ടിട നമ്പർ അനുവദിച്ചതും നികുതി നിർണ്ണയിച്ചതും ശ്രീ. സിജിന്റെ റിപ്പോർട്ട് പ്രകാരമാണെന്നും പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ശ്രീ. കെ.സി.സിജിന് വേങ്ങാട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചത് 26.03.2013-നാണെന്നും വേങ്ങാട് ഗ്രാമപഞ്ചായത്ത് നിലവിൽ 21 വാർഡിനായി 3 ക്ലാർക്കുമാരാണ് ഉള്ളതെന്നും ടി കെട്ടിടത്തിന് ബിൽഡിംഗ് നമ്പർ അനുവദിക്കുന്ന കാലയളവിൽ 2 ക്ലാർക്കുമാർ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും പ്രസ്തുത കാലയളവിലുണ്ടായ അമിത ജോലി ഭാരവും പുതുതായി ജോലിയിൽ പ്രവേശിച്ച ശ്രീ.കെ.സി. സിജിന്റെ പരിചയക്കുറവും അപാകത സംഭവിക്കുന്നതിന് കാരണമായിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. കെ.സി. സിജിൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിൽ ക്ലാർക്ക് ശ്രീ. കെ.സി.സിജിന്റെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതായി കാണുന്നു. കോസ്റ്റൽ റഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ 2011 പരിധിയിൽ വരുന്ന പ്രദേശമാണ് അഞ്ചരക്കണ്ടി പുഴയോരം. അവിടെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ പുഴയുടെ വീതി 100 മീറ്ററിൽ കൂടുതലുള്ള സ്ഥലങ്ങളിൽ 100 മീറ്റർ മാറിയും പുഴയുടെ വീതി 100 മീറ്ററിൽ കുറവുള്ള സ്ഥലങ്ങളിൽ പുഴയുടെ വീതി എത്രയാണോ അത്രയും അകലത്തിലും മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ അനുവാദം നല്കുവാൻ പാടുള്ളൂ. ഇവിടെ ഇതിനു വിരുദ്ധമായി രണ്ടു നില വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് അനുമതി നല്കിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ വേങ്ങാട് ഗ്രാമപഞ്ചായത്ത് എൽ.ഡി. ക്ലാർക്ക് ശ്രീ. കെ.സി. സിജിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത

ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. കെ.സി. സിജിൻ, എൽ.ഡി. ക്ലാർക്ക്, വേങ്ങാട് ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്
   (യു.ഒ റിമാർക്ക്സ് നം.വിജി.ഡി2/11/2018/വിജി. തീയതി 19.01.2018 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/159/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ